


# തിരുഹൃദയനാദം

2024 ഡിസംബർ | ലക്കം 121 | പുസ്തകം 12

തിരുഹൃദയ തീർത്ഥാടനകേന്ദ്രം, പെരിഞ്ചേരി, ഫോൺ : 0487 2962423

# HOLY ANGEL'S HSS, OLLUR

✆ 8921 674 700, 9249 899 691

## Our Motto.

'We Speak English'

Our Students and Teachers speak English like in a Real English Medium School. This enables our students to be 'Job Ready' after their higher studies - Anywhere in the World.

## ഞങ്ങളുടെ മുഖമുദ്ര.

'ഞങ്ങൾ ഇംഗ്ലീഷ് സംസാരിക്കുന്നു.'

ഞങ്ങളുടെ വിദ്യാർത്ഥികളും അധ്യാപകരും ഒരു യഥാർത്ഥ ഇംഗ്ലീഷ് മീഡിയം സ്കൂളായി ഇംഗ്ലീഷ് സംസാരിക്കുന്നു. ഇത് കുട്ടികളെ അവരുടെ ഉന്നത പഠനത്തിന് ശേഷം ലോകത്തെവിടെയും 'ജോലി പ്രാപ്തരാക്കുന്നു.'

## Our Care.

We offer partial Freeship to the needy and deserving students.

## ഞങ്ങളുടെ സംരക്ഷണം.

അർഹരും യോഗ്യതയുള്ളവരുമായ കുട്ടികൾക്ക് ഭാഗികമായ ഫീസ് ഇളവ് അനുവദിക്കുന്നു.

## Our Teachers.

They 'Happen Spark' in students and create curiosity and leave them to grow.

## ഞങ്ങളുടെ അദ്ധ്യാപകർ.

വിദ്യാർത്ഥികളുടെ മനസ്സിനെ ജ്വലിപ്പിക്കുകയും ജിജ്ഞാസ സൃഷ്ടിക്കുകയും അവരെ വളരാൻ വിടുകയും ചെയ്യുന്നു.



Book your Child's Future. Register Now. 'Come and See'

കുട്ടികളുടെ ഭാവി സുരക്ഷിതമാക്കു. ഇപ്പോൾ തന്നെ പേരുകൾ നൽകു. 'വന്ന് കാണൂ'

**Admissions are open**

for the year 2025-26

2025–26 ലേക്കുള്ള

**അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.**

LKG - IX







# തിരുഹൃദയ നാദം

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം 12 | ലക്കം 121 | ഡിസംബർ 2024



പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 2962423

Website: sacredheartshrineperinchery.com Email: perincherysacredheart@gmail.com



## പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ്എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
ഫ്രാൻസീസ് മുത്തിപീടിക
Mob : 9544068569

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഫെമി FCC
Ph: 0487 2342027
റവ. സി. ടിസ്സ ജീസ് FCC
Ph: 0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917
ജോക്സൺ കുറ്റിക്കാട്ട്
Mob : 8113006409
ബെൻസി റോയ്
Mob : 807869536


SCAN HERE

## ഇതളുകൾ വിരുയുമ്പോൾ


| | |
|---|---|
| ഓർമ്മിക്കാൻ ആചരിക്കാൻ | 4 |
| പത്രാധിപക്കുറിപ്പ് | 5 |
| ഇടയസ്വരം | 6 |
| കൊച്ചച്ചൻ സംസാരിക്കുന്നു | 7 |
| തിരുഹൃദയനാഥന് നന്ദി | 10 |
| സ്വർഗ്ഗീയ താരം | 12 |
| വർണ്ണ ശലഭങ്ങൾ | 13 |
| ക്രിസ്തുമസ് സുദിനം | 16 |
| ആരോഗ്യവേദി | 17 |
| വേണ്ടത് മദ്യനിരോധനമോ .... | 19 |
| ക്രിസ്തുമസ് ഗിഫ്റ്റിനുവേണ്ടിയുള്ള.... | 21 |
| ധരിത്രി വിലാപം | 22 |
| ദിവ്യ ഉണ്ണീശോയെ തേടുന്നവർ | 24 |
| കിഡ്സ് കോർണർ | 47 |
| സഭാ വാർത്തകൾ | 52 |
| ഇടവക വാർത്തകൾ | 54 |
| സംഘടന വാർത്തകൾ | 60 |
| വിശുദ്ധരുടെ പാതയിൽ | 63 |
| നവാഗതർ, ഇടവക ചേർന്നവർ..... | 64 |
| അടിക്കുറിപ്പ് | 65 |
| നിറം കൊടുക്കൽ | 67 |
| തിരുഹൃദയനാദം ക്വിസ് | 69 |
| ബൈബിൾ കലണ്ടർ | 70 |


**വി. കുർബാനസമയം**
ഞായർ: 5.30 am, 7.00 am, 10.15 am, 6.00 pm
മാസാദ്യവെള്ളികളിലും മറ്റ് വെള്ളിയാഴ്ചകളിലും:
5.45 am, 7.15 am, 10.00 am, 6.00 pm
മറ്റു ദിവസങ്ങളിൽ: 6.00 am, 7.15 am


FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**ഡിസംബർ 2024**

| | | |
|---|---|---|
| 01 | ഞായർ | ഇരുപത്തഞ്ചു നോമ്പാരംഭം |
| 03 | ചൊവ്വ | വി. ഫ്രാൻസീസ് സേവ്യർ |
| 06 | വെള്ളി | മാസാദ്യവെള്ളി തിരുഹൃദയ തിരുനാൾ, പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ ഊട്ട് |
| 07 | ശനി | വി. അംബ്രോസ് |
| 08 | ഞായർ | പരി. കന്യാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| 14 | ശനി | കുരിശിന്റെ വി. യോഹന്നാൻ |
| 25 | ബുധൻ | പിറവിത്തിരുനാൾ |
| 26 | വ്യാഴം | വി. എസ്തപ്പാനോസ് |
| 27 | വെള്ളി | വി. യോഹന്നാൻ ശ്ലീഹ |
| 28 | ശനി | കുഞ്ഞിപ്പൈതങ്ങൾ |
| 29 | ഞായർ | തിരുക്കുടുംബം |
| 31 | ചൊവ്വ | വർഷാവസാനം |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 ഡിസംബർ മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 6–ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 6.00 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് **ഫാ. ജിന്റോ പെരേപ്പാടൻ** മുഖ്യ കാർമ്മികത്വം വഹിക്കും.

2024 ഡിസംബർ മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

**ജെയിൻ പടിക്കല, ന്യൂയോർക്ക്**

കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.

**തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!**

കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. (മത്താ. 1: 22)




# "ജീവിതം ക്രിസ്തുമസ്സായി മാറട്ടെ"

സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശവുമായി മംഗളവാർത്താക്കാലം സമാഗതമായി. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും നൽകുവാൻ മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ തിരുപിറവിയുടെ അനുസ്മരണവും ആഘോഷവുമായ ക്രിസ്തുമസ്സിനായി നാം പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്ന കാലഘട്ടം. തിരുസഭയിലെ ഏറ്റവും വലിയ തിരുനാളുകളിൽ ഒന്നായ ക്രിസ്തുമസ്സ് വേണ്ടത്ര ഒരുക്കത്തോടും പുണ്യപ്രവൃത്തികളോടും കൂടെ ആഘോഷിക്കുന്നത് നമ്മുടെ ആത്മീയ വളർച്ചക്ക് വളരെ സഹായകമാകും. നോമ്പാചരിച്ചും സുകൃതാഭ്യാസങ്ങൾ, ദാനധർമ്മം സുകൃതജപാചരണവുമെല്ലാം ഈ ഒരുക്കത്തിന്റെ ഭാഗമായി നമുക്ക് അനുഷ്ഠിക്കാം. ദൈവം മനുഷ്യനായത് നമ്മെ ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്താനാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ദൂരം ഇല്ലാതാക്കാനാണ്. ഇരുട്ടിൽ കഴിയുന്നവർക്ക് പ്രകാശം നൽകാനാണ്. സ്നേഹവും ശാന്തിയും സമാധാനവും നൽകാനാണ്. ഇന്ന് സമ്പത്തും ധനവും കുമിഞ്ഞ് കൂടുമ്പോഴും മനുഷ്യർക്ക് അപ്രാപ്യമായിരിക്കുന്നതും സർവ്വരും അന്വേഷിക്കുന്നതും സമാധാനമാണ്. സമാധാനത്തിന്റെ രാജാവായി ജനിച്ച ദൈവപുത്രനാണ് യേശു. അന്ത്യദാനമായി യേശു നൽകിയതും സമാധാനമാണ്. ഇന്ന് സമാധാനത്തിനായി മനുഷ്യൻ ആശ്രയിക്കുന്നത് മദ്യത്തേയും മയക്കുമരുന്നിനെയുമാണ്. ദൈവപ്രീതി ലഭിച്ചവർക്കുള്ള സമ്മാനദാനമാണ് സമാധാനം. സമാധാനവും ശാന്തിയും സന്തോഷവും ഉണ്ടാകണമെങ്കിൽ സന്മനസ്സ് വേണം. സ്നേഹിക്കുവാനും കരുണ കാണിക്കാനും അംഗീകരിക്കാനും പങ്കുവെക്കാനും ഉപേക്ഷിക്കുവാനുള്ള സന്മനസ്സ് നാം സ്വന്തമാക്കുമ്പോൾ ജീവിതം സമാധാനപൂർണ്ണമാകും, ക്രിസ്തുമസ്സായി മാറും.

ഇന്ന് ലോകത്തിൽ യുദ്ധങ്ങളും തീവ്രവാദവും കൊലപാതകങ്ങളും വഞ്ചനകളും പീഡനങ്ങളും നിറഞ്ഞു നിൽക്കുമ്പോൾ 2024ലെ ക്രിസ്തുമസ്സ് തരുന്ന സമാധാനവും ശാന്തിയും, സ്നേഹവും നമ്മുടെ കുടുംബങ്ങളിലും രാജ്യത്തും ലോകം മുഴുവനിലും തിരുസഭയിലും നിറയട്ടെയെന്ന് പ്രാർത്ഥിക്കാം. ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പാവപ്പെട്ടവരേയും ചേർത്തുപിടിച്ച് സമാധാനവും സന്തോഷവും നൽകുന്നവരാകാം. ഏവർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ.

**പത്രാധിപസമിതി**

മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ. 3: 2)

## ഇടയസ്വരം



സ്നേഹിതരേ,

ക്രിസ്തുമസ് വരവായി, ഉണ്ണിയേശുവിനെ ഹൃദയത്തിലേക്ക്, ഭവനത്തിലേക്ക് സ്വീകരിക്കാൻ നാം ഒരുങ്ങുകയാണ്. എല്ലാവരും ആഗ്രഹിക്കുന്ന രീതിയിൽ ഈശോയുടെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരട്ടെ.

മനസ്സുകൊണ്ടും, ഹൃദയം കൊണ്ടും, ജീവിതം കൊണ്ടും നമുക്ക് ഒരുങ്ങാം. ശാരീരിക ആരോഗ്യം മനസ്സിലാക്കി വി. കുർബാനയിൽ പങ്കെടുത്തും, നോമ്പെടുത്തും, വചനം വായിച്ചും നമുക്കു ശ്രമിക്കാം.

വി. യോഹ. 1:14 'വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അങ്ങനെ അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏക ജാതന്റേതുമായ മഹത്വം'.

ഈ ക്രിസ്തുമസ് യേശുവിലേക്ക് നയിക്കാൻ നമുക്ക് സാധിക്കണം. ക്രിസ്തുമസ് കാലത്ത് നമ്മൾ എല്ലാവരും ഒരുക്കുന്ന പ്രത്യേക ആഘോഷം നക്ഷത്രമാണ്. നക്ഷത്രം പ്രകാശമാണ്. അന്ധകാരം മാറ്റുന്നതാണ്. നമ്മൾ പ്രകാശം പരത്തുന്ന ഒരു നക്ഷത്രമാകണം. ക്രിസ്തുമസ് നക്ഷത്രം പ്രകാശം മാത്രമല്ല, അന്ധകാരത്തിൽ കഴിയുന്നവർക്ക് വഴി കാട്ടികൂടിയാണ്. നക്ഷത്രം പൂജ്യരാജാക്കൻമാർക്ക് വഴികാട്ടിയായി മാറി. നമ്മളും ഈ ക്രിസ്തുമസ് കാലത്ത് യേശുവിലേക്ക് നയിക്കുന്ന വഴികാട്ടിയാകണം.



നല്ലതു പറയുവാൻ, നല്ലത് പ്രവർത്തിക്കാൻ, നന്മ പ്രവർത്തിക്കാൻ, നല്ല മാതൃകയാകാൻ മറ്റുള്ളവർക്ക് ഒരു വഴികാട്ടിയായാൽ ഈ ജീവിതം ധന്യമായി. ക്രിസ്തുമസ് ഒരു യാഥാർത്ഥ്യമായി ആയിരം പുൽക്കൂട്ടിൽ എന്നതിനേക്കൾ, എന്റെ ഹൃദയത്തിൽ ഈശോ വന്നു പിറക്കുകയായി.

ഏവർക്കും ക്രിസ്തുമസ് മംഗളങ്ങൾ

**വികാരിയച്ചൻ**

മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ. (മത്താ. 3: 8)



**കൊച്ചച്ചൻ സംസാരിക്കുന്നു**

# ഉണ്ണീശോയെ കൈകളിലെടുത്ത് ലാളിക്കണോ ? വഴിയുണ്ട് !

ഈശോയുടെ തിരുഹൃദയത്തിന്റെ കൂട്ടുകാരെ, ഡിസംബർ മാസം നമുക്കെല്ലാവർക്കും ഏറെ പ്രിയപ്പെട്ടതാണ്. ഉണ്ണീശോയുടെ വരവിനായി ആഗ്രഹിച്ചും പ്രാർത്ഥിച്ചും കാത്തിരിക്കുന്ന ദിവസങ്ങൾ. ഉണ്ണീശോയെ നേരിട്ട് കാണാൻ സാധിച്ചിട്ടുണ്ടോ? ഉണ്ണീശോയെ കരങ്ങളിലെടുത്തിട്ടുണ്ടോ? തീർച്ചയായും ബെത്‌ലഹെമിൽ ജനിച്ച ഉണ്ണീശോയെ പരിശുദ്ധ അമ്മയും, വിശുദ്ധ യൗസേപ്പിതാവും, ആട്ടിടയന്മാരും, ജ്ഞാനികളും, ബന്ധുക്കളും, സുഹൃത്തുക്കളുമെല്ലാം കാണുകയും, കരങ്ങളിലെടുക്കുകയും, ചുംബിക്കുകയും ചെയ്തിട്ടുണ്ടാകും. എന്നാൽ ഇന്നും വിശുദ്ധ ജീവിതം നയിക്കുന്ന പലർക്കും ഉണ്ണീശോ പ്രത്യക്ഷപ്പെടുന്നുണ്ട്. അനേകം വിശുദ്ധർക്ക് ഉണ്ണീശോയെ കാണാനും, ലാളിക്കാനും സാധിച്ചിട്ടുണ്ട്. വി. അന്തോണീസ് ഉണ്ണീശോയെ കരങ്ങളിൽ വഹിച്ചു നിൽക്കുന്നത് കൂട്ടുകാർ ശ്രദ്ധിച്ചിട്ടില്ലേ? അതിൽ അന്തോണീസ് പുണ്യാളന്റെ കയ്യിലെ തുറന്നിരിക്കുന്ന ബൈബിളിൽ ഉണ്ണീശോ ഇരിക്കുന്നതും, നിൽക്കുന്നതുമായ രൂപങ്ങളുണ്ട്. ആ രൂപങ്ങളും ചിത്രങ്ങളും കാണുന്നത് അച്ചന് ഒത്തിരി ഇഷ്ടമാണ്; കാരണം, ബൈബിളിൽ ഈശോയുണ്ട്. ബൈബിളിലെ വചനങ്ങൾ ഈശോയാണ്. ഈ വചനങ്ങളോടു നമ്മൾ കൂട്ടുകൂടുമ്പോൾ ഉണ്ണീശോയോടാണ് കൂട്ടുകൂടുന്നത്. വചനം കയ്യിലെടുക്കുമ്പോൾ ഉണ്ണീശോയെയാണ് നമ്മുടെ കരങ്ങളിലെടുക്കുന്നത്. ബൈബിൾ ചുംബിക്കുമ്പോൾ ഉണ്ണീശോയെയാണ് ചുംബിക്കുന്നത്. വചനങ്ങൾ പഠിക്കുമ്പോൾ ഉണ്ണീശോയെ നമ്മൾ ഹൃദയത്തിൽ സ്വീകരിക്കുകയാണ്. ഉണ്ണീശോ രാജാവാണ്; സമാധാനത്തിന്റെ രാജാവ്. ഉണ്ണീശോയോട് കൂട്ടുകൂടാൻ ആഗ്രഹമുണ്ടോ? എന്നാൽ ഇപ്പോൾ മുതൽ നമുക്ക് ബൈബിളിനോട് കൂട്ടുകൂടാം. ബൈബിൾ വായിക്കാം, എഴുതാം, പഠിക്കാം. ബൈബിളിനോടുള്ള ഈ ചങ്ങാത്തത്തിലൂടെ അന്തോണീസു പുണ്യാളനു ലഭിച്ച ഭാഗ്യം നമുക്കും ലഭിക്കാം!

* ഇന്നുമുതൽ നിങ്ങൾ മാതാപിതാക്കളും മക്കളും, എല്ലാവർക്കും ഒത്തുചേരാൻ കഴിയുന്ന ഏതെങ്കിലും ഒരു സമയം കണ്ടെത്തി – എല്ലാ അംഗ

ങ്ങളും ഒത്തുചേരുന്നത് ഒരുപക്ഷേ സാധ്യമല്ലായിരിക്കും. എങ്കിലും സാധിക്കാവുന്ന എല്ലാവരും – ഒരുമിച്ചിരുന്ന് എല്ലാ ദിവസവും 10 മിനിട്ടെങ്കിലും ബൈബിൾ എഴുതുന്നത് നല്ലതാണ്. പുതിയ നിയമം എഴുതി തുടങ്ങുക. കുട്ടികളുടെ പഠനത്തിലും, സ്വഭാവ രൂപീകരണത്തിലും, അനുദിന ജീവിത പ്രതിസന്ധികളിലുമെല്ലാം അത്ഭുതകരമായ ദൈവീക ഇടപെടലും, സമാധാനത്തിന്റെ രാജാവായ ഈശോ കുടുംബത്തിൽ സമാധാനം നിറയ്ക്കുന്നതും കാണാൻ സാധിക്കും.

* അക്ഷരങ്ങൾ കൂട്ടിവായിക്കാനും എഴുതാനും ബുദ്ധിമുട്ടുന്ന കുട്ടികൾക്ക് ബൈബിളിലെ അഞ്ച് വചനങ്ങൾ ദിവസവും പറഞ്ഞുകൊടുത്ത് എഴുതിക്കുക. ഇതും പുതിയനിയമത്തിന്റെ തുടക്കത്തിൽനിന്ന് ആരംഭിച്ച് ക്രമേണ പുതിയ നിയമം പൂർത്തിയാക്കുന്ന വിധത്തിൽ ചെയ്യുന്നത് നല്ലതാണ്. ഈശോ അനുഗ്രഹിക്കട്ടെ.

എന്ന് സ്നേഹം നിറഞ്ഞ
***ജിന്റോ അച്ചൻ***

## വലിയ ഇടയന്റെ ശബ്ദം



ദാനധർമ്മങ്ങളിൽ സജീവമായ വിശ്വാസം ആവശ്യമാണ്:
***ഫ്രാൻസിസ് പാപ്പ***

കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് പാവങ്ങളോടും അധഃസ്ഥിതരോടും കൂടുതൽ കരുണയോടെ പെരുമാറുവാനും, ദാനധർമ്മത്തിൽ കുടുതൽ ഉത്സുകരാകുവാനും പാപ്പ ആഹ്വാനം ചെയ്തു. ജീവിതത്തിന്റെ ഇരുളു നിറഞ്ഞ നിമിഷങ്ങളിലും, സഹായകനായും രക്ഷകനായും ദൈവം കൂടെയുണ്ടെന്നും, അവൻ കടന്നുവരുമെന്നുള്ള ഉറപ്പാണ് ക്രിസ്തു നമുക്ക് നൽകുന്നതെന്നും പാപ്പ പറഞ്ഞു. ഉപരിപ്ലവമായ ദർശനമല്ല നമുക്ക് ആവശ്യമെന്നും, മറിച്ച് ഉള്ളറകളിലേക്ക് മനുഷ്യഹൃദയങ്ങളിലേക്ക്, ജീവിത അനുഭവങ്ങളിലേക്ക് നോക്കികൊണ്ട്, അവനു പ്രത്യാശയുടെ കിരണം പ്രദാനം ചെയ്യുവാൻ നമുക്ക് സാധിക്കണമെന്നും പാപ്പ ഓർമ്മിപ്പിച്ചു.

# Greetings

## HAPPY BIRTHDAY

നവംബർ മാസത്തിൽ
ജന്മദിനം ആഘോഷിക്കുന്ന
നമ്മുടെ ഇടവകയിലെ സമർപ്പിതർ



സി. തെരേസ് ലിറ്റ്
11/12



സി. അജിഷ
വിൻസന്റ് CMC
29/12



ബ്ര. ഏഗൽ
ക്രിസ്റ്റോ വെട്ടിയാട്ടിൽ
31/12

## HAPPY FEAST

നവംബർ മാസത്തിൽ നാമഹേതുക
തിരുന്നാൾ ആഘോഷിക്കുന്ന നമ്മുടെ
ഇടവകയിലെ സമർപ്പിതർ



ഫാ. ജോൺസൺ
അരിമ്പൂർ
28/12



ഫാ. ജീജോ
വള്ളൂപ്പാറ
27/12



സി. മരിയ
ഫ്രാൻസി
8/12



സി. പവിത്ര
റോസ് CSE
8/12

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്. (മത്താ. 5: 3)



# തിരുഹൃദയനാഥന് നന്ദി....

1. ഈശോയുടെ തിരുഹൃദയത്തോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലി ലഭിച്ചതിന് തിരുഹൃദയനാഥനോട് നന്ദി പറഞ്ഞു കൊണ്ട് – **ബീന റോബി വെണ്ടൂർ, എൽസി ഔസേപ്പ് കോടന്നൂർ, പ്രത്യാൽ, ഡാലി, ബെൻസി ബെന്നി, ബിന്ധ്യ, പ്രിൻസി മുണ്ടത്തിക്കോട്**
2. S.S.L.C. യ്ക്ക് ഫുൾ A+ ലഭിച്ചതിന് തിരുഹൃദയനാഥനോട് നന്ദി പറഞ്ഞുകൊണ്ട് – **സിജി ചുവന്നമണ്ണ്**
3. P.G. പരീക്ഷക്ക് ഉയർന്ന മാർക്ക് ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **Dr. ആൽഫിൻ ജോസ്**
4. മക്കളുടെ വവാഹം ഏറ്റവും ഭംഗിയായി നടന്നതിന് ഈശോയുടെ തിരുഹൃദയത്തിന് നന്ദി പറഞ്ഞുകൊണ്ട് – **മേരി കോടന്നൂർ, ഫിലോമിന് കല്ലൂർ, ലിസി**
5. തിരുഹൃദയനാഥനോടും പരിശുദ്ധ അമ്മയോടും പ്രാർത്ഥിച്ചതിന്റെ ഫലമായി മകളെയും കൊച്ചുമകളെയും തിരിച്ച് തന്നതിന് നന്ദിപറഞ്ഞുകൊണ്ട് – **ഓമന ജോസ്**
6. രോഗസൗഖ്യം നൽകി അനുഗ്രഹിച്ച തിരുഹൃദയനാഥന് നന്ദിപറഞ്ഞുകൊണ്ട് – **ജൂലി പല്ലിശ്ശേരി, ജിജു വല്ലച്ചിറ, റെൻസി ജോസഫ്, ആനി**
7. വായ്പ കൊടുത്ത 3 ലക്ഷം രൂപ പത്ത് വർഷങ്ങൾക്കുശേഷം തിരികെ ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തിനും പരിശുദ്ധ അമ്മക്കും ആയിരമായിരം നന്ദി നന്ദി പറഞ്ഞുകൊണ്ട് – **ബിന്ദു ഡേവിസ് അഞ്ചേരി**
8. തടസ്സങ്ങൾ മാറി അപ്പച്ചന്റെ പ്രോവിഡന്റ് ഫണ്ട് തുക കിട്ടിയതിന് ഈശോയുടെ ഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് – **ജിൻസി**



### ആരാധനാക്രമത്തിൽ ഇപ്പോൾ
## "മംഗളവാർത്തകാലം"



മാർത്തോമക്രിസ്ത്യാനികളുടെആരാധനാവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലത്തോടുകൂടിയാണ്. ഡിസംബർ 25-ാം തിയതി ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുജനനത്തിന് ഒരുക്കമായിട്ടുള്ള നാല് ആഴ്ചകൾ കൂടിയതാണ് ഈ കാലം. സുറിയാനി 25-ാം തിയതി ആഘോഷിക്കപ്പെടുന്ന ഈശോയുടെ തിരുജനനത്തിന് ഒരുക്കമായിട്ടുള്ള നാല് ആഴ്ചകൾ കൂടിയതാണ് ഈ കാലം. സുറിയാനി ഭാഷയിൽ സുബാറ എന്നാണ് ഈ കാലഘട്ടത്തിന്റെ പേര്. പ്രഖ്യാപനം, 'അറിയിപ്പ്, എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. തിരുപിറവിക്ക് ഒരുക്കമായി ഡിസംബർ 1 മുതൽ 25 വരെ നോമ്പ് ആചരിക്കുന്നതുകൊണ്ടാണ് ഈ കാലത്തിന് 25 നോമ്പ് എന്ന് പറയുന്നത്. സ്വന്തം ദയനീയവസ്ഥയെക്കുറിച്ച് ബോധവാന്മാരായി രക്ഷകനുവേണ്ടി ദാഹിച്ച പഴയ നിയമ ജനതയെപ്പോലെ നമ്മളും നമ്മുടെ നിസ്സഹായാവസ്ഥയും പാപസാഹചര്യങ്ങളും മനസ്സിലാക്കി മിശിഹായിലേക്ക് നടന്നടുക്കണമെന്നും മിശിഹായ്ക്ക് പിറക്കുവാൻ തങ്ങളുടെ ഹൃദയങ്ങളിൽ ഇടം നൽകണമെന്നും മംഗളവാർത്തക്കാലഘട്ടത്തിലെ വി. ഗ്രന്ഥവായനയും പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.

### ആരാധനാക്രമത്തിൽ തുടർന്ന്
## "പിറവികാലം"



ഈശോമിശിഹായുടെ പിറവിതിരുനാൾ മുതൽ ദനഹാതിരുനാൾ വരെയുള്ള ദിവസങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്. ഈശോയുടെ തിരുജനനവും ജ്ഞാനികളുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്ന സംഭവവുമാണ് പിറവിക്കാലത്തിലെ പ്രധാന ചിന്തകൾ. പാപത്തിനു മരിച്ച്, ലോകത്തിന് കൈവന്ന ക്രിസ്തുവാകുന്ന സൗഭാഗ്യത്തെ സ്വന്തമാക്കി, സമാധാനവും പ്രത്യാശയും ഉൾക്കൊള്ളുവാൻ പിറവിക്കാലഘട്ടത്തിൽ നമുക്ക് പ്രാർത്ഥിക്കാം.

കവിത

# സ്വർഗ്ഗീയ താരം



ആദത്തിന്നപരാധമൊരന്ധകാരമായ്
നിപതിച്ച
മർത്യകുലത്തിനു പ്രത്യാശ തൻ
തിരിനാളമായ്,
തിന്മയാം സാത്താന്റെ
ചങ്കിനൊരിടിമുഴക്കമായ്,
ദിവ്യപ്രകാശമുദിച്ചു ഭൂവിലെ ബത്‌ലഹമിൽ.
വിണ്ണിലും മണ്ണിലും ദൂതവൃന്ദങ്ങൾ
തൻ രാഗമായ്,
മലയിലും വയലിലും വെൺമഞ്ഞിൻ കൂടാരമായ്,
പൂത്തുപുഞ്ചിരിച്ചു നില്പു നൽപുഷ്പങ്ങളതിമോദാൽ,
രാക്കുയിലിൻ നാദമിന്നധിമധുര താരാട്ടുപോൽ.
സ്വർഗ്ഗീയതാരം വിരിഞ്ഞ മന്നിലേക്ക് നോക്കീടുന്നു,
കൺമിഴിച്ചെല്ലാ താരഗണവുമാശ്ചര്യമായ്,
കമ്പിളിപ്പുതപ്പിനുള്ളിൽ നിദ്രയാർന്ന ഇടയൻമാർ,
മിന്നൽ വെളിച്ചം കണ്ടു, കേട്ടു സ്വർഗ്ഗീയ വശ്യഗാനം.
ശീതള മാരുതന്റെ മൂളലിന്നൊരു തംബുരുപോൽ,
ശ്രവിച്ചിടയൻമാർ നിദ്രാലസ്യം വിട്ടോടുന്ന വീഥി-
മിന്നി പ്രകാശിപ്പൂ വാനദൂതർ തന്നൊളി തെളിയുമ്പോൾ,
ഏറ്റുപാടാമിന്ന് ദൂതരോടൊപ്പം ഹല്ലേലൂയ്യാ!

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



**മാസാദ്ധ്യവെള്ളി**
**തിരുഹൃദയ ഊട്ടു**
**തിരുനാൾ**
**പ്രസുദേന്തി വാഴ്ച്ച**

**നവംബർ**

**ഡോ. ജിൽഷോ ജോർജ്ജ്,**
**ആലുക്ക**, കുർക്കഞ്ചേരി

ലേഖനം

# വർണ്ണശലഭങ്ങൾ

പച്ചിലകൾക്കടിഭാഗത്ത് മുട്ടകളിട്ട് അമ്മ ശലഭം പറന്നുപോയി. നാളേറെ കഴിഞ്ഞപ്പോൾ മുട്ടകൾ വിരിഞ്ഞു. പച്ചിലനിറമുള്ള അഞ്ചാറു കുരുന്നു പുഴുക്കൾ തളിരിലകൾ തിന്ന് തടിച്ചു കൊഴുത്തു. കൊച്ചുപക്ഷി പറന്നുവന്ന് ആർത്തിയോടുകൂടെ ഒന്നിനെ കൊത്തിവലിച്ചുതിന്ന് പറന്നു പോയി. അമമ പറക്കുന്നതും വർണച്ചിറകുകളും കണ്ട് കൊതിയും ദാഹവും തോന്നി. അമ്മയെപ്പോലെ പറക്കണം. പക്ഷെ പ്യൂപ്പയ്ക്കുള്ളിലെ ഏകാന്തവാസം. ഭക്ഷണമില്ല, വെള്ളമില്ല, വെളിച്ചമില്ലാത്ത സമാധിയിരിപ്പ്. അത് ഒത്തിരി കഠിനം തന്നെ. ഞാൻ എങ്ങനെ കഴിച്ചു കൂട്ടും. ഉള്ളിലൊരന്താളിപ്പ്. അമ്മയോടൊപ്പം പറക്കാൻ വേറൊരു മാർഗ്ഗവുമില്ല.

അവസാനം മനസ്സില്ലാമനസ്സോടെ തപസ്സിരിക്കാൻ തീരുമാനിച്ചു. അല്ലെങ്കിൽ പക്ഷി വന്ന് തന്നെയും കൊത്തിപ്പറിച്ച് തിന്നാലോ. വല്ലാത്തൊരിരുപ്പ്. വർണ്ണചിറകുകൾ വിടർത്തി പറക്കുമ്പോഴത്തെ ചേലോർത്തിരുന്നു. കാത്തിരുന്നാലും ഒരു ദിവസം വന്നു ചേരുമല്ലോ. ഈ കഷ്ടപ്പാടിൽ നിന്ന് മോചനം ലഭിക്കുമല്ലോ. അമ്മയോടൊപ്പം പറക്കാമല്ലോ. ആര് വന്നാലും പറന്ന് രക്ഷപ്പെടാമല്ലോ. ക്ഷമയുടെ നെല്ലിപ്പടി കണ്ട ദിനങ്ങൾ കടന്ന് പോയി. ഒന്ന് പിടഞ്ഞപ്പോൾ അതാ വർണചിറക് വിടരാൻ കെഞ്ചുന്നു. ഇല്ല, ഇനി ക്ഷമിച്ചിരിക്കാനാകില്ല. പിന്നേയും പിടഞ്ഞപ്പോൾ പ്യൂപ്പകവചം അടർന്ന് വരുന്നു. ശക്തമായി വീണ്ടും ചിറകടിച്ചു. താഴേക്ക് പതിക്കാൻ നേരം ചിറകടിച്ചപ്പോൾ മേലേക്ക് പൊങ്ങുന്നു. അമ്മയെ കണ്ടാൽ ഒപ്പം പറക്കാമായിരുന്നു. പക്ഷെ ഇപ്പോൾ കാണുന്നില്ല. ഇത്രനാളത്തെ പ്രയാസമെല്ലാം അലിഞ്ഞില്ലാതായി. ശലഭങ്ങളിൽ ചിലരെ കാണുന്നുണ്ട്. പക്ഷെ തന്റെ മനോഹാരിത അവർക്കില്ല. അതാ, അവർ പൂവുകളിൽ മുത്തമിടുന്നു. ഞാനും പൂവികളിലേക്ക് പറന്നു. ഇതൊരിക്കലും പ്രതീക്ഷിച്ചില്ല. ഇത്രയും മധുരമുള്ള തേൻ നുകരാതെന്തു ജീവിതം. തീർച്ചയായും ഇതൊരു മഹാഭാഗ്യമാണ്. ഇലകളൊന്നും ഇനി തിന്നേണ്ടതില്ല. തേൻ നുകർന്ന് പാറിപ്പറന്ന് നടക്കാം.

സ്ത്രീയും പുരുഷനും കൂടി വിത്ത് വിതച്ചു. പത്ത് മാസം സ്ത്രീയുടെ ഉദരത്തിൽ. ഒടുവിൽ സമയത്തിന്റെ പൂർത്തീകരണം. കുഞ്ഞ് പുറത്ത് വന്നു. അമ്മ അമ്മിഞ്ഞപ്പാൽ കൊടുത്തു. അപ്പച്ചൻ നോക്കി പുഞ്ചിരിച്ചു, എടുത്തു ചുംബിച്ചു. ശ്രദ്ധയോടെ വളർത്തി. പഴങ്ങൾ, പലഹാരങ്ങൾ എല്ലാം സമൃദ്ധിയായ് തന്നു. പുത്തനുടുപ്പുകൾ തന്നു. വീഴുമ്പോൾ വാരിയെടുത്ത് ചുംബിച്ച് തലോടിത്തന്നു. കൂട്ടുകാരോടൊപ്പം എൽ.കെ.ജി., യു.കെ.ജി. പഠനം തുടർന്നു. തന്നിൽ പരിണാമങ്ങൾ വന്നു. അപ്പച്ചനെപ്പോലെയോ/

അമ്മയെപ്പോലെയോ. തനിക്ക് നിയന്ത്രണങ്ങൾ. 'എല്ലാവരുമായും കൂട്ടുകൂടരുത്. നല്ലവരുമായി കൂട്ടുകൂടിയാൽ മതി.'

ഞാൻ വളർന്നു. എനിക്കറിയാമല്ലോ എന്തു വേണമെന്ന്. ലോകത്തെ കണ്ടു. ലൗകികമായി തന്നെ ആകർഷിക്കുന്ന പലതും കണ്ടു. ഇതൊക്കെ ആസ്വദിക്കാതെ വിടുകയോ. അങ്ങനെയല്ലെങ്കിൽ തന്റെ സ്വാതന്ത്ര്യം എവിടെ. അപ്പച്ചനും, അമ്മയും, കാരണവന്മാരും, ഗുരുക്കന്മാരും സ്വാതന്ത്ര്യത്തിന് തടയിടുന്നു. തന്റെ കാര്യം നോക്കാൻ തനിക്കറിയാം. അങ്ങനെ ജീവിക്കുമ്പോൾ ചില പ്രതിസന്ധികൾ ഉടലെടുത്തു. തന്നെ പുച്ഛത്തോടെ നോക്കുന്നവരെ കണ്ടു. ദേവാലയം-ദൈവത്തിന്റെ വചനങ്ങൾ, അത് അനുഷ്ഠിക്കാൻ ആർക്കു കഴിയും? അങ്ങനെ ജീവിതം മുമ്പോട്ട് പോകുമ്പോൾ തനിക്ക് എന്തോ സംഭവിക്കാൻ തുടങ്ങുന്നതുപോലെ. ഡോക്ടറെ കണ്ടു. പരിശോധനകൾക്കൊടുവിൽ ലിവറിന് രോഗം. കൂട്ടുകാരൊന്നിച്ചുള്ള മദ്യപാനം വരുത്തിയ വിനയാകുമോയെന്ന് ശങ്കിച്ചു. തന്റെ ജീവൻ തുലാസിൽ കിടന്ന് ആടുകയാണ്.

മുറിയിലെ കട്ടിലിൽ ജനലിനോട് ചേർന്ന ഭാഗത്ത് കിടക്കുമ്പോൾ മനോഹരമായ ശലഭം പൂവുകളിൽനിന്ന് തേൻ നുകരുന്നതും പാറിപ്പറക്കുന്നതും കണ്ടു. ആ ശലഭത്തെപ്പോലെ പറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അതിന്റെ ജീവിതവഴികളെക്കുറിച്ച് ഓർത്തും. ജീവിതഘട്ടങ്ങൾ ക്ലാസിൽ പഠിച്ചത് ഓർമ വന്നു. അടുത്തിടെ വൈദികന്റെ പ്രസംഗം കേട്ടതും ഓർത്തു.

''മനുഷ്യൻ അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തുവന്നു. വളരുമ്പോൾ ഓടിയും ചാടിയും കളിച്ചു. ലോകത്തിലേക്കിറങ്ങുന്ന കൊച്ചുമക്കൾക്ക് ധാരാളം പ്രലോഭനങ്ങൾ. ലോകത്തിന്റേതായി തീരാനുള്ള ആഗ്രഹം. നാശത്തിന്റെ വഴികൾ. നല്ല വഴിക്ക് ചിന്തിക്കുമ്പോൾ സഹപാഠികളുടെ കളിയാക്കൽ. തന്നെകൊത്തിപ്പറുക്കി തിന്നാൻ ലോകത്തിന്റെ വിളയാടൽ. മക്കളെ നിങ്ങൾ ലോകത്തിന്റെ വ്യഗ്രതകളിൽനിന്ന് വിടുതൽ പ്രാപിക്കണം. ശലഭമായി പാറിപ്പറക്കാനുള്ളു പുഴു പ്യൂപ്പക്കുള്ളിൽ സമാധി പ്രാപിച്ചപ്പോലെ ലോകത്തിന്റെ എല്ലാ തിന്മകളിൽനിന്നും വിടുതൽ പ്രാപിക്കുക. പരിശുദ്ധാത്മാവിന്റെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക. ഈ ജീവിതം ഹ്രസ്വമാണ്. സ്വർഗത്തിൽ മാലാഖമാരോടൊപ്പം ചിറകടിച്ചുയർന്ന് ദൈവത്തെ വാഴ്ത്തിപ്പാടേണ്ടവരാണ് നമ്മൾ. യഥാർത്ഥ സ്വാതന്ത്ര്യവും, സന്തോഷവും, സമാധാനവും ലഭിച്ച് കാലാധികാലം ജീവിക്കേണ്ടവരാണ് നമ്മൾ. അല്പകാലത്തെ സുഖത്തിന് വേണ്ടി നാമത് കൈവിട്ടുകൂടാ. രോഗങ്ങളും ക്ലേശങ്ങളും മരണവും ഏതു നിമിഷവും നമ്മെ പിടികൂടാം. ദൈവത്തോടൊത്ത് ഒരിക്കലും മരണമില്ലാത്ത ജീവിതം. അത് കരസ്ഥമാക്കാൻ ഈ ലോക ജീവിതത്തിൽ നാം തയ്യാറെടുക്കണം. വിശ്വാസത്തിലും, പ്രാർത്ഥനയിലും, വളരണം. പ്രത്യാശയോടെ വ്യാപരിക്കണം. സ്വർഗീയസന്തോഷം എപ്പോഴും മനസ്സിൽ ധ്യാനിക്കണം. ദൈവം നമ്മെ സ്നേഹിക്കുന്നതു

പോലെ നാം എല്ലാവരെയും സ്നേഹിക്കണം. ജീവിച്ചിരിക്കുമ്പോൾ ശലഭങ്ങളെപ്പോലെ നിഷ്കളങ്കരായിരിക്കണം. നമ്മുടെ ജീവിതം ഇവിടെ മരിച്ച് മണ്ണടിയാനുള്ളതല്ല. അനാദികാലം ജീവിക്കാനുള്ളതാണ്. ജഡം അത് ഇവിടെ വിട്ടേച്ച് പോകാം. ചിതലിനും പുഴുക്കൾക്കും ആഹാരമായി തീരും. ആത്മാവ് ചിറക് വിരിച്ച് പറന്നുയരുമ്പോൾ കഴുകന്മാർ റാഞ്ചാൻ വരും. പക്ഷെ മാലാഖമാർ നമുക്ക് കൂട്ടായി നാലുപുറവും വന്ന് സംരക്ഷിക്കും. സാത്താനായ കഴുകൻ പല്ലുഞെരിച്ച് പരാജയമടഞ്ഞ് ദൂരെപ്പോകും.

എത്ര മനോഹര ദൃശ്യങ്ങളാണ് കാണാൻ പോകുന്നത്. മാലാഖമാരുടേയും വിശുദ്ധജനത്തിന്റെയും ഇരമ്പം! ദൈവത്തെ പാടിപ്പുകഴ്ത്തുന്നതാണത്. ഉജ്ജ്വല പ്രകാശരശ്മികൾ! കണ്ണഞ്ചിക്കുന്ന ശോഭ! ദൈവമാണത്! ആ പ്രകാശം അലയടിച്ച് അവിടം മുഴുവൻ പ്രശോഭിപ്പിക്കുന്നു. എത്ര മനോഹരം! നാം ഓരോരുത്തരും ആ പ്രകാശത്തിന് യോഗ്യരാകണം. പരിശുദ്ധാത്മാവ് പ്രതിരോധം തീർക്കുന്ന ആ പ്യൂപ്പ ദിശയിലേക്ക് നിങ്ങളുടെ ജീവിതങ്ങളെ സമർപ്പിക്കുക. ഭോഗാസക്തികൾ പരാജയപ്പെടട്ടെ. നമ്മുടെ ലക്ഷ്യം വിശുദ്ധനഗരിയിലേക്ക്. അതിന് കളമൊരുക്കാൻ ദൈവരാജ്യത്തിന്റെ സന്തതികളാകാം.

വൈദികൻ പറഞ്ഞതെല്ലാം അന്ന് വേണ്ടപോലെ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഗ്രഹിക്കണമെന്ന് ആഗ്രഹിച്ചില്ല. എന്നാൽ ഇന്ന് എന്നെ ചിന്തിപ്പിക്കുന്നു. ജീവിതം എത്ര ഹ്രസ്വമാണ്. ഞാൻ മാറണം. ലോകത്തിന്റേതായ വഴികൾ വിശാലമാണ്. സ്വർഗത്തിലേക്കുള്ള വഴി ഞെരുക്കമുള്ളതും. എങ്കിലും ഞെരുക്കശേഷം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും കാലം. യേശു കുരിശുമരണം വരിച്ചെങ്കിലും സ്വർഗത്തിലേറിയതുപോലെ. ദൈവപിതാവിനോടൊത്ത് വാസം. ലോകത്തിന്റെ വഴികളെ വിട. ഞാൻ തീരുമാനിച്ചു കഴിഞ്ഞു. വർണചിറകുവിരിച്ച് എനിക്കും മാലാഖമാരോടൊപ്പം പറക്കണം.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്




**സകലവിശുദ്ധരുടെയും തിരുനാൾ**

കവിത

# ക്രിസ്തുമസ് സുദിനം



ഇടയനാം ദൈവത്തിൻ പ്രിയസുതൻ,
ഉണ്ണിയായി പിറന്നൊരു സുദിനം
ഉണർന്നു ഞങ്ങൾ പുതിയൊരു
ഗാനവുമായ്
ഉരുവിടുന്നു നിൻ സ്തുതി ഗീതങ്ങൾ
ബെത്‌ലെഹമിലെ കാലിത്തൊഴുത്തിൽ
ബലവാനാം ദൈവസുതൻ, അവതരിച്ച സുദിനം
ബലമീ ഞങ്ങൾ ഏകൂ ഈ ഭൂവിൽ
ബലഹീനരാം നിൻ പ്രിയമക്കൾക്ക്
ആനന്ദത്തിൻ നിറകുടമായി മാറ്റൂ ഈ സുദിനം
ആർത്തുല്ലസിക്കട്ടെ ഈ ദിനം ഞങ്ങൾ ഭൂവിൽ
അനുഗ്രഹത്തിൻ നിർവൃതിയിൽ ഞങ്ങൾ
ആഹ്ലാദിക്കട്ടെ ഈ ക്രിസ്തുമസ് ദിനത്തിൽ
പാടുന്നു ഞങ്ങൾ ഈ സുദിനത്തിൽ
പാതിരാക്കിളിയോടൊപ്പം ഈ രാവിൽ,
പരമപിതാവേ! പ്രിയസുതാ! വന്നു
പാരിൽ നിൻ ജനനം ഒരിക്കൽകൂടി

**മേരി ജോസഫ് വീരമ്പുള്ളി**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്



## തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

5.45 am, 7.15 am, 6.00 pm ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.

10.00 am ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

**തിരുഹൃദയ ഭക്തിയിൽ വളരാം, തിരുഹൃദയ ഭക്തിപ്രചരിപ്പിക്കാം.**

ആരോഗ്യവേദി



# മൈഗ്രേൻ അഥവാ ചെന്നിക്കുത്ത്

തലവേദന വരാത്തവർ ചുരുക്കമായിരിക്കും. പല കാരണങ്ങൾ കൊണ്ടും തലവേദന വരാം. സമ്മർദ്ദം, സൈനസൈറ്റിസ്, ശരിയായ ഉറക്കം കിട്ടാത്തത്, ഭക്ഷണം ശരിയായ സമയത്ത് കഴിക്കാതിരുന്നാൽ, നിർജ്ജലീകരണം തുടങ്ങിയ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന തലവേദനയിൽ ഏറിയപങ്കും അപകടകരമല്ല. എന്നാൽ മൈഗ്രേൻ മൂലം ദൈനംദിന പ്രവൃത്തികൾപോലും ചെയ്യാൻ സാധിക്കാതെ വരുന്നു. നെറ്റിത്തടത്തിൽ അനുഭവപ്പെടുന്ന അതിശക്തമായ വേദനയാണിത്. ഒരുതരം ന്യൂറോളജിക്കൽ ഡിസോഡറാണിത്. ചില ആളുകളിൽ ഏതാനും മണിക്കൂറുകൾ മാത്രം നീണ്ടു നിൽക്കുന്നുള്ളൂ എങ്കിലും ചിലരിൽ 72 മണിക്കൂറിധികം വരെ വേദനയും മറ്റ് ബുദ്ധിമുട്ടുകളും നീണ്ടുനിൽക്കാറുണ്ട് ചില ആളുകൾക്ക് ഉറങ്ങി എഴുന്നേൽക്കുമ്പോഴോ ഛർദ്ദിച്ചാലോ വേദനയിൽ കുറവ് അനുഭവപ്പെടാം. പലപ്പോഴും വേദന സംഹാരികൾക്കുപോലും വേദനയിൽ നിന്ന് ആശ്വാസം തരാൻ കഴിയാറില്ല.

മൈഗ്രേൻ തലവേദന ഉള്ളവരിൽ നെറ്റിയുടെ ഒരുവശം മുതൽ തലയുടെ പകുതി ഭാഗത്ത് വിങ്ങലോടുകൂടിയ വേദന അനുഭവപ്പെടുന്നു. ക്രമേണ ഈ വേദന തല അനക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് നീങ്ങുന്നു. കാഴ്ചയിൽ മങ്ങൽ, വെളിച്ചത്തിലേക്കു നോക്കാൻ കഴിയാതെ വരിക, തലകറക്കം, മനംപുരട്ടൽ, ഛർദ്ദി തുടങ്ങിയവയൊക്കെ രോഗി അനുഭവിച്ചേക്കാം. രണ്ട് മണിക്കൂർ മുതൽ 72 മണിക്കൂർ വരെ നീണ്ടുനിൽക്കാനിടയുണ്ട്. ഈ സമയത്ത് വെളിച്ചം, ശബ്ദം, മണം തുടങ്ങിയവയോട് രോഗി കടുത്ത അസഹിഷ്ണുത പ്രകടിപ്പിക്കുകയും ചെയ്യും.

മൈഗ്രേൻ ഉണ്ടാകുന്നതിന് കൃത്യമായ ഒരു കാരണം ചൂണ്ടിക്കാണിക്കാനില്ല. സമ്മർദ്ദം ഉണ്ടാക്കുന്ന ചില അവസ്ഥകളോട് തലച്ചോറിന്റെ പ്രതിപ്രവർത്തനം മൂലം മൈഗ്രേൻ വരാം. വെളിച്ചം നേരിട്ട് കണ്ണിൽ പതിക്കുന്നത്, ചില രൂക്ഷഗന്ധങ്ങൾ, ഉച്ചത്തിലുള്ള ശബ്ദം, ഉറക്കമില്ലായ്മ, സമ്മർദ്ദം, ഭക്ഷണം കഴിക്കാതിരിക്കുന്നത്, അമിതമായി സൂര്യപ്രകാശ

മേൽക്കുന്നത്, ചില ആഹാരങ്ങൾ കഴിക്കുന്നത് തുടങ്ങിയവയെല്ലാം മൈഗ്രേൻ ട്രിഗറുകളാണ്. അതിനാൽ ഇത്തരം സാഹചര്യങ്ങൾ തടയുകയാണ് മൈഗ്രേൻ വരാതിരിക്കാൻ ശ്രദ്ധിക്കാവുന്ന പ്രധാന മാർഗ്ഗം.

ചില സൂചനകൾ ശ്രദ്ധിച്ചാൽ മൈഗ്രേൻ വരുന്നത് മനസ്സിലാക്കാൻ സാധിക്കും. കഴുത്തിലും തോൾഭാഗത്തുമൊക്കെ വേദന അനുഭവപ്പെടുന്നത്, മാനസികാവസ്ഥയിൽ പെട്ടെന്ന് മാറ്റം തോന്നുന്നത്, ശബ്ദം, വെളിച്ചം, ഗന്ധം തുടങ്ങിയവയോട് അസ്വസ്ഥത പ്രകടിപ്പിക്കുന്നത്, മധുരപലഹാരങ്ങൾ പോലുള്ളവയോട് പെട്ടെന്ന് ആസക്തി തോന്നുന്നത്, ദഹനപ്രശ്നങ്ങൾ, മലബന്ധം തുടങ്ങിയവയൊക്കെ മൈഗ്രേന് തൊട്ടുമുമ്പായി അനുഭവപ്പെട്ടേക്കാം.

മൈഗ്രേൻ വരാതിരിക്കാൻ ഓരോ ആളുകളിലും ഓരോ കാരണങ്ങളായിരിക്കും ശ്രദ്ധിക്കേണ്ടത്. തലവേദന വരാൻ കാരണമായ സാഹചര്യങ്ങളെ ഒഴിവാക്കേണ്ടതാണ്. വെളിച്ചം കണ്ണുകളിലേക്ക് നേരിട്ട് പതിക്കുന്ന അവസ്ഥ, അസഹനീയമായ പ്രകാശം എന്നിവ ഒഴിവാക്കുക. ദീർഘനേരം വിശന്നിരിക്കുന്നത് മൈഗ്രേൻ ഉണ്ടാക്കിയേക്കാം. അതിനാൽ ആഹാരം കൃത്യസമയത്ത് കഴിക്കാൻ ശ്രമിക്കുക. കഫീൻ ഉപയോഗത്തിൽ ശ്രദ്ധിക്കണം. ചിലർക്ക് കഫീൻ പാനീയങ്ങൾ കൂടുതലായി കഴിച്ചാൽ മൈഗ്രേൻ വരാം. എന്നാൽ വേറെ ചിലർക്ക് ഇത്തരം പാനീയങ്ങൾ കുടിച്ചാൽ മൈഗ്രേനിൽനിന്ന് ആശ്വാസം ലഭിക്കുകയും ചെയ്യും. ഇത് മനസ്സിലാക്കി പ്രവർത്തിക്കുക. പതിവായി വ്യായാമത്തിലേർപ്പെടുന്നത് ഒരു പരിധിവരെ മൈഗ്രേൻ വരാതെ നോക്കാൻ സഹായിക്കും. അമിത ശബ്ദമുള്ള സാഹചര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക. എല്ലാത്തിനും ഉപരി നല്ല ഉറക്കം കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

മൈഗ്രേൻ നേരിടാൻ പ്രധാനമായും മൂന്ന് രീതികളാണുള്ളത്. അതിൽ ഒന്നാമത്തേത് മൈഗ്രേൻ ഉണ്ടാകാൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഏതാണോ അത് ഒഴിവാക്കുക എന്നതാണ്. രണ്ടാമത്തേത് മൈഗ്രേൻ മാറുന്നതിന് മുമ്പുള്ള ലക്ഷണങ്ങളെ നിയന്ത്രിക്കുക എന്നതാണ്. മറ്റൊന്ന് മരുന്നുകൾ ആവശ്യമെങ്കിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം കഴിക്കുക എന്നതാണ്.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194

ലേഖനം

# "വേണ്ടത് മദ്യനിരോധനമോ മദ്യവർജ്ജനമോ"

ബാറുകൾ എന്നും കേരളത്തിലെ ചൂടേറിയ ചർച്ചാവിഷയമാണ്. ഏതൊരു വിശേഷ ദിവസം കഴിഞ്ഞാലും മലയാളി കുടിച്ച മദ്യത്തിന്റെ കണക്കിലേക്കാണ് ഏവരുടെയും കാത്തിരിപ്പ്.

എന്നാൽ, ഈയിടെ വിവാദമായത് ബാറുകളുടെ അടച്ചുപൂട്ടലാണ്. 418 ബാറുകളുടെ അടച്ചുപൂട്ടൽ ഒരേ സമയം നിരാശയും ആശ്വാസവും വിവാദവും സൃഷ്ടിച്ചിരുന്നു. കേരളത്തിന്റെ സമ്പദ്ഘടനയുടെ മൂന്നിലൊന്നും നൽകുന്ന 8000 കോടിയോളം രൂപ കേരള ഖജനാവിലേക്കെത്തിക്കുന്ന അമൂല്യമായ മാർഗമാണ് കേരളത്തിന്റെ മദ്യവില്പന. അവ അടച്ചുപൂട്ടുന്നത് കേരളത്തിലെ പാവപ്പെട്ട ''പാമ്പുകളെ'' വിഷമിപ്പിക്കുമെന്നും ബാറുകളിൽ ജോലിചെയ്യുന്നവരുടെ കുടുംബം നിലയ്ക്കുമെന്നും മനുഷ്യാവകാശവാദികൾ വാദിച്ചു. എന്നാൽ സമൂഹത്തിന്റെ സുഗമമായ നിലനില്പിന് വിലങ്ങുതടിയാവുന്ന മദ്യത്തെ തറ പറ്റിക്കുമെന്ന് ചില സാമൂഹിക പ്രിതബദ്ധതയുള്ളവരും ഉറച്ചു.

മുൻകൂട്ടിയുള്ള ഒരു പദ്ധതിയുടെയും അടിസ്ഥാനത്തിലല്ല മദ്യനിരോധനം കൊണ്ടുവന്നത്. തിക്കിത്തിരക്കിയെടുത്ത ആ തീരുമാനം ഭരണപക്ഷത്തുപോലും വലിയ വിവാദങ്ങൾ സൃഷ്ടിച്ചു. എന്നാൽ രാഷ്ട്രീയ താൽപര്യങ്ങളെ മാറ്റിനിർത്തിക്കൊണ്ടു ചിന്തിച്ചാൽ ഇതിൽ നന്മയേക്കാളേറെ പതിയിരിക്കുന്ന അപകടം മണത്തറിയാൻ നമുക്കാകും. പത്തുവർഷം കൊണ്ട് ബിവറേജസ് ഔട്ട്ലൈറ്റുകളുൾപ്പെടെയുള്ള മദ്യവിതരണശാലകൾ പൂട്ടാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ ഇവ പെട്ടെന്ന് അടച്ചു പൂട്ടുന്നതോടെ വ്യാജമദ്യം കേരളത്തിലേക്കൊഴുകാനുള്ള സാധ്യത ഏറെയാണ്.

മദ്യവും മയക്കുമരുന്നും എവിടെ ആവശ്യക്കാരുണ്ടോ അവിടെ ലഭ്യമാകും എന്ന അവസ്ഥയാണ്. സർക്കാർ പെട്ടെന്ന് മദ്യനിരോധനം നടപ്പാക്കുന്നതോടെ വ്യാജന്മാർ വിലസാൻ സാധ്യതയോറെയാണ്. ഇത് കേരളത്തെ മറ്റൊരു വ്യാജമദ്യ ദുരന്തത്തിലേക്കേ കൊണ്ടെത്തിക്കുകയുള്ളൂ. എന്നാൽ മദ്യം സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളും ഇത്രത്തോളം തന്നെ ആഴമേറിയതാണ്. ഏകദേശം 21.5 ലക്ഷം മദ്യകുപ്പികളാണ് ഒരു

ദിവസം മാത്രം കേരളത്തിൽ പൊട്ടുന്നത്. വളരെ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്നവരും ചെറുപ്പക്കാരും ഇത്തരത്തിൽ മദ്യം വാങ്ങുന്നതി ലൂടെ കേരളത്തിന്റെ സമ്പദ്ഘടനയെ നല്ലതുപോലെ താങ്ങി ന ിർത്തുന്നുണ്ട്.

മദ്യം സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങളും കുടുംബപ്രശ്നങ്ങളും പോലെതന്നെയാണ് മദ്യം ഇല്ലാതാകുമ്പോൾ കാത്തിരിക്കുന്ന വലിയ ദുരന്തങ്ങളും. അതുകൊണ്ടുതന്നെ മദ്യനിരോധനം എന്നതിനേക്കാളേറെ കേരളത്തിനാവശ്യം മദ്യവർജനമാണ്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ കുടിച്ചു തീർക്കുന്നത് കേരളീയരാണ്. ഏകദേശം 92% മദ്യം വഴി ഏററവും കൂടുതൽ വരുമാനം ഉണ്ടാക്കുന്നതും കേരളം തന്നെ. മദ്യനിരോധനത്തിന്റെ ഘട്ടങ്ങളിൽ സർക്കാർ തന്നെ ആസൂത്രണം ചെയ്തിരിക്കുന്ന ബോധവ ത്കരണ പരിപാടികൾ വിജയം കണ്ടാൽ മാത്രമേ മദ്യരഹിതകേരളമെന്ന സ്വപ്നം പൂവണിയൂ. മദ്യം നിരോധിക്കുന്നതിനൊപ്പം വ്യജമദ്യമൊഴുകുന്ന കേരളത്തിന്റെ ചെക്ക്പോസ്റ്റുകളെ കർശന പരിശോധനയ്ക്കു വിധേയമാ ക്കാൻ സർക്കാരിനു കഴിയണം. അതിർത്തകളിൽ നിന്നല്ലാതെ എത്തുന്ന വ്യാജവാറ്റുകളും വില്ലന്മാരാണ്.

ഓണം പോലുള്ള വിശേഷാവസരങ്ങളിൽ 418 ബീവറേജസ് ഔട്ട്ലെ റ്റുകൾക്ക് മുന്നിലായ് ക്യൂ നിൽക്കുന്നവർ 10.5 ലക്ഷം പേരാണ്. ഏകദേശ കണക്കാണിത്. കൂടാതെയുള്ള 842 ബാറുകൾ കൂടി ചേരുമ്പോൾ സംഖ്യ ഉയരും. കേരളമാണ് ഒരു വ്യക്തിയുടെ ശരാശരി മദ്യഉപഭോഗത്തിൽ ഇന്ത്യയിൽ മുന്നിൽ. ഒരാൾ ഒരു വർഷം കുറഞ്ഞത് 8 ലിറ്റർ മദ്യം ഉള്ളി ലാക്കുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഈയൊരു ഭീകരമായ കണക്കു നോക്കുമ്പോഴാണ് മദ്യവർജ്ജനം എത്രത്തോളം ശ്രമകരമാണെ ന്നത് മനസ്സിലാവുക. സർക്കാരിന്റെയും സാമൂഹ്യസംഘടനകളുടെയും സന്നദ്ധസേവകരുടെയും കൂട്ടായ ഒരു പ്രവർത്തനം മാത്രമേ ലക്ഷ്യം കാണുകയുള്ളൂ. കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്ന ഒരു തലമുറയെ ലഹരിയുടെ പടുകുഴിയിലേക്ക് വലിച്ചിഴയ്ക്കുന്ന ഈ ചെകുത്താനെ പ ാടെ തുടച്ചെറിയുക അത്യധികം ശ്രമകരം തന്നെയാണ്. ബോധവത്ക്കര ണമാണ് സ്വീകാര്യമായ പോംവഴി. സർക്കാരിന്റെ ആഭിമുഖ്യത്തിൽ റീഹാ ബിറ്റേഷൻ സെന്ററുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക, കുട്ടികളിലെ മദ്യപാനത്തിനെതിരെ കർശന നടപടികളെടുക്കുക ഇവയാണ് പ്രായോ ഗികമായ ഉപാധികൾ.

**പ്രിൻസൺ പുത്തിരി**
ദിവ്യഹൃദയം യൂണിറ്റ്

ചെറുകഥ

# ക്രിസ്തുമസ് ഗിഫ്റ്റിനുവേണ്ടിയുള്ള കാത്തിരിപ്പ്

ഒരിക്കൽ അമ്മു എന്ന പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് സാന്റാക്ലോസിനെ വലിയ ഇഷ്ടമായിരുന്നു. എല്ലാ ക്രിസ്തുമസിനും പത്തുദിവസം മുമ്പ് അവൾ സാന്റാക്ലോസിനു കത്തെഴുതുമായിരുന്നു. താൻ ഈ ക്രിസ്തുമസിനും ഒരു സമ്മാനത്തിനുവേണ്ടി കാത്തിരിക്കുകയാണ് എന്ന് പറഞ്ഞായിരുന്നു ആ കത്ത്. അങ്ങനെ ആ ക്രിസ്തുമസിനും അവൾ കത്ത് എഴുതി സമ്മാനത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. ആ ക്രിസ്തുമസ് രാത്രി പാതിരാ കുർബാന കഴിഞ്ഞ് വീട്ടിലെത്തിയ അവൾ നോക്കിയപ്പോൾ ക്രിസ്തുമസ് ട്രീക്കു താഴെ ഒരു സമ്മാനപ്പൊതി അവൾ കണ്ടു. അതു തുറന്ന് നോക്കിയപ്പോൾ അവൾക്ക് ഏറ്റവും പ്രിയപ്പെട്ട സമ്മാനമായിരുന്നു അത്. അമ്മുവിനെപ്പോലെ കത്തെഴുതി സമ്മാനത്തിനുവേണ്ടി കാത്തിരിക്കുന്ന ഒരു പാടു കുട്ടികൾ നമുക്കു ചുറ്റുമുണ്ട്. ഈ ക്രിസ്തുമസ് ദിനങ്ങളിൽ നമ്മെ ഏറ്റവുമധികം സ്നേഹിക്കുന്ന ഉണ്ണീശോയ്ക്ക് കത്തെഴുതി അവന്റെ സമ്മാനത്തിനായി കാത്തിരിക്കണം.

**ഐറിൻ എൻ. എസ്.**
സെന്റ് മദർ തെരേസ യൂണിറ്റ്




**ക്രിസ്തുരാജത്വ തിരുനാൾ**

**കവിത**

# ധരിത്രി വിലാപം

കിഴക്കന്ന് താരം വഴികാട്ടി വന്നു മൂന്നു രാജാക്കന്മാർ
കാലിത്തൊഴുത്തിൽ പിറന്ന പൈതലാം യേശുവിനെ
ആരാധിക്കാൻ
പൊന്നും കുന്തിരുക്കം മീറ കാഴ്ചവച്ചവർ തൃപ്പാദം വണങ്ങീടും
നേരം
യൂദാ ജനം ഒന്നാകെ നാഥനെ വാഴ്ത്തിടും
സൃഷ്ടിയാം ഭൂമി ഞാൻ ആശിച്ചു.
കേട്ടു ഹേറോദേസിൻ വാളിനിരയായ കുഞ്ഞുങ്ങൾ തൻ
നിലവിളികൾ
വന്നു വന്നില്ല കണ്ടു കണ്ടില്ല തൊട്ടു തൊട്ടില്ല ഈശോ
യൂദായിലെങ്ങും ചെയ്തു നടന്നു ഏറെ അത്ഭുതങ്ങൾ
അഴകിയ ലാസറിൻ പുതുജീവൻ നല്കി ദൈവമാം താനെന്ന്
ഈശോ
ചങ്ങലയാൽ ബന്ധിതനായ ഒരുവന്റെ ആത്മാവിനെ
സ്വന്തമാക്കാൻ
രണ്ടായിരം പന്നികളെ കടലിൽ താഴ്ത്തി ഈശോ
യൂദാ ജനം ഒന്നാകെ നാഥനെ വാഴ്ത്തിടും സൃഷ്ടിയാം
ഭൂമി ഞാൻ ആശിച്ചു
കണ്ടു ഗരസേനവാസികൾ ദൈവസുതനോടായി
ഇവിടം വിട്ടു പോകണം നീ
പ്രാർഥന അറിയാത്ത മനുജകുലത്തെ പ്രാർഥിക്കാൻ പഠിപ്പിച്ചു
ദൈവം
കടുകുമണി വിശ്വാസത്താൽ നാഥന്റെ വസ്ത്രത്തിൽ
സ്പർശിച്ച
സ്ത്രീയെ സൗഖ്യപ്പെടുത്തി
എല്ലാം കാണുന്നു കേൾക്കുന്നു അറിയുന്നു
വെളിപ്പെടുത്തി യേശു ദൈവം
ഭയപ്പെടേണ്ടാ ഭയപ്പെടേണ്ടാ ശാന്തി ശാന്തി ഹൃദയത്തിൽ
നിറയാൻ
വിനയാന്വിതനായി കഴുതപ്പുറത്ത് രാജാധിരാജൻ വന്നിടും
നേരം
യൂദാ ജനം ഒന്നാകെ നാഥനെ വാഴ്ത്തിടും സൃഷ്ടിയാം
ഭൂമി ഞാൻ ആശിച്ചു

പന്ത്രണ്ടു തലയുള്ള ഭീകര മൃഗത്തിൻ മുതുകിൽ നിന്ന്
വാളുമായ് വരുന്ന മന്നനെ കാത്ത് ഇസ്രായേൽ
യേശുവിൻ നാമത്തെ മഹത്വീകരിച്ച സ്വർഗ്ഗീയസ്വരം കേട്ടു
ജനങ്ങൾ
നിങ്ങൾ തേടീടും നസ്രായൻ ഈശോ ഞാനെന്ന വചനത്താൽ
പിൻവലിഞ്ഞ് പുറകോട്ടു മറിഞ്ഞു വീണ ഫരിസേയർ
ഈശോയെ വധിക്കാൻ വന്നവരിൽ ഒരുവന്റെ കാത് ഛേദിച്ചു
പത്രോസ് ശ്ലീഹാ
വാളെടുക്കുന്നവൻ വാളാൽ ഈശോ ചൊല്ലി
ഭൃത്യന്റെ കാത് സൗഖ്യപ്പെടുത്തി
യൂദാജനം ഒന്നാകെ നാഥനെ വാഴ്ത്തിടും സൃഷ്ടിയാം
ഭൂമി ഞാൻ ആശിച്ചു
കേട്ടു കൊല്ലുക അവനെ കൊല്ലുക വീണിടട്ടെ ഞങ്ങളുടെ
മേലും തലമുറകൾ തോറും യേശുവിൻ രക്തം
പാദത്തിലെ പൊടി തട്ടികളയാതെ എല്ലായിടത്തും യേശുവേ
നിന്റെ വചനവും ശിഷ്യഗണത്തെയും സ്വീകരിക്കാൻ
സർവ്വരേയും യോഗ്യരാക്കി ഭൂമിയായ ഞാനത് കണ്ടു
സന്തോഷിക്കട്ടെ.

**ഡേവിസ് പുത്തൂർ**
സെന്റ് ജോർജ്ജ് യൂണിറ്റ്

## ലോഗോസ് ക്വിസ് 2024
## റാങ്ക് നേടിയവർ

**ബി ഗ്രൂപ്പ് വിഭാഗത്തിൽ 4–ാം റാങ്ക് കരസ്ഥമാക്കിയ ഇസബെൽ എൻ. ജെ. ക്കും ഡി ഗ്രൂപ്പ് വിഭാഗത്തിൽ 4–ാം റാങ്ക് കരസ്ഥമാക്കിയ സിമി റാഫിക്കും 5–ാം റാങ്ക് കരസ്ഥമാക്കിയ ബിന്ദു ബേബിക്കും**

അഭിനന്ദനങ്ങൾ !


**സിമി റാഫി**


**ഇസബെൽ എൻ. ജെ.**


**ബിന്ദു ബേബി**



# ദിവ്യഉണ്ണീശോയെ തേടുന്നവർ

ഓരോ ക്രിസ്തുമസും ഉള്ളിലേക്കിറങ്ങി, ഉണ്മയായവനെ ഉണ്ണിയായി പിറന്നവനെ തിരിച്ചറിയാനുള്ള ഉൾവിളിയാണ്. അന്തരംഗത്തിലേക്കുള്ള യാത്രയാണ്. ആഴത്തിലേക്കിറങ്ങി വലയിറക്കത്തിലാണ്. ക്രിസ്തുമസിനായി ഒരുങ്ങുന്ന ഓരോ ദിനവും ഈ യാത്രയിലെ ചുവടുവയ്പാണ്. പ്രിയ സഹോദരരേ ഈ യാത്രയിലെ ഓരോ കാലടിയും ജാഗ്രതയോടെയും സൂക്ഷ്മതയോടെയും മുന്നോട്ടുവച്ച് ഉണ്ണിയെ സ്വന്തമാക്കാൻ വി. ഗ്രന്ഥതാളുകൾ കാണിച്ചു തരുന്ന ഉണ്ണിയെ തേടി യാത്രയായവരുടെ ജീവിതത്തിലൂടെ നമുക്ക് കടന്നുപോകാം.

ബെത്ലേഹം - നിവാസികൾ - അപ്പത്തിന്റെ ഭവനമായ ബെത്ലേഹമിൽ എല്ലാവർക്കും ജീവനേകാനായി, അപ്പമാകാനായി വന്നു പിറന്നവനെ തിരിച്ചറിയാതെ ഹൃദയകവാടങ്ങൾ കൊട്ടിയടച്ച് ഈശോയ്ക്ക് ഹൃദയത്തിലും ഭവനത്തിലും ഇടം നല്കാതെ പോയവർ ലോകം വച്ചു നീട്ടുന്ന പലതിനും ഇടം കൊടുത്തപ്പോൾ അവരുടെ ഹൃദയമാകുന്ന സത്രത്തിൽ ഇടം കൊടുക്കേണ്ടവന് സ്ഥലം ഇല്ലാതെയായി.

പൂജരാജാക്കന്മാർ - ഉണ്ണിയെ ദർശിക്കാനുള്ള ആവേശത്തോടെ വഴികാട്ടിയായ നക്ഷത്രം തെളിയിച്ച പാതയിലൂടെ യാത്രയിലെ തടസ്സങ്ങളും പ്രതിബന്ധങ്ങളും ധീരതയോടെ തരണം ചെയ്തുവെങ്കിലും ഒരു നിമിഷം ഹെറോദേസിന്റെ കൊട്ടാരത്തിലെ സമ്പന്നതയും രാജകീയ അധികാരവും അവരുടെ കണ്ണുകളെ രക്ഷകന്റെ ഇടമായ തെറ്റിദ്ധരിപ്പിച്ചു. വീണ്ടും യാത്ര പാതി വഴി ഉപേക്ഷിക്കാതെ, ഉൾക്കണ്ണുകൾ തുറന്ന് ഉണ്ണിയെ ലക്ഷ്യമാക്കി യാത്ര തുടർന്ന് ഉണ്ണിയെ സ്വന്തമാക്കിയവർ.

ഹേറോദേസും പ്രമാണിമാരും - രാജ്യത്തിന്റെ രക്ഷയ്ക്കായി ഉദയം ചെയ്ത പുതിയ രാജാവിന്റെ ജനനത്തിൽ അസൂയ പൂണ്ട് തന്റെ രാജകീയ സ്ഥാനമാനങ്ങൾ സംരക്ഷിക്കാനായി കുശാഗ്രബുദ്ധിയോടെ ഉണ്ണിയെ വധിക്കാൻ ശ്രമിച്ചവർ.

ആട്ടിടയർ - മാലാഖവൃന്ദം അറിയിച്ച മംഗളവാർത്തയിൽ സംശയിക്കാതെ വിശ്വസിച്ച് നിഷ്കളങ്ക മനസ്സോടെ വിനീതരായി ഉണ്ണിയ്ക്ക് ഹൃദയത്തിൽ ജനനം നല്കിയവർ.

ഉണ്ണിയെ തേടിയുള്ള നമ്മുടെ യാത്രയും ഇതിൽ ഏതെങ്കിലുമൊരു

ഗണത്തിൽ ഉൾപ്പെടുന്നവരായിരിക്കാം. നമുക്ക് നമ്മുടെ ജീവിതത്തെ വിലയിരുത്താം. ബത്‌ലേഹം നിവാസികളെപ്പോലെ എന്റെ ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും മാത്രം ഹൃദയത്തിൽ ഇടം നല്കി ഈശോയ്ക്ക് ഇടം നിഷേധിച്ചുവോ? പൂജരാജാക്കന്മാരെ പോലെ തീക്ഷ്ണതയോടെ ഉണ്ണിയെ തേടിയുള്ള യാത്ര ആരംഭിച്ചുവെങ്കിലും വഴിയോരകാഴ്ചയും നൈമിഷികസുഖങ്ങളും കണ്ട് മാർഗ്ഗഭ്രംശം സംഭവിവിച്ചുവോ? ഹേറോദേസിനെപ്പോലെ സഹോദരങ്ങളുടെ ഉയർച്ചയിലും വളർച്ചയിലും അസ്വസ്ഥമാകുന്ന മനസ്സാണോ എന്റെ വാക്കുകളുടെ മൂർച്ചയിൽ അവരുടെ സത്പേര് ഹിംസിക്കപ്പെടുന്നുണ്ടോ? നമുക്ക് യാത്രയുടെ ആരംഭം മുതൽ അവസാനം വരെ വിനീതരായി ദൈവനിമന്ത്രണങ്ങൾക്ക് അനുനിമിഷം കാതോർത്ത ആട്ടിടയരുടെ ചുവടുപിടിക്കാം. ഹൃദയനൈർമല്യത്തിന്റെയും എളിമയുടെയും മനോഭാവങ്ങളെ സ്വായത്തമാക്കാം.

ഈ യാത്രയുടെ ഒടുവിൽ നമുക്കേവർക്കും നമ്മുടെ ഉള്ളിലെ ഉണ്ണിയുടെ സാന്നിധ്യം അനുഭവിക്കാൻ ഇടയായാൽ, സഹോദരങ്ങളുടെ ഉള്ളിലെ ഉണ്ണിയുടെ സാന്നിധ്യം തിരിച്ചറിയാൻ ഇടയായാൽ, ക്രിസ്തുമസ് ഒരു പുത്തൻ അനുഭവമാകും. ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

**ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ്**
പെരിഞ്ചേരി

## ജപമാലറാലി

### ഭക്ഷണം -വരവ്

| | | |
|---|---|---|
| 1. ബാബുജോൺ വള്ളൂപ്പാറ | - | 10,000 |
| 2. റപ്പായി മുത്തിപീടിക | - | 10,000 |
| 3. ജീസൻ വള്ളൂപ്പാറ | - | 5,000 |
| 4. ഫേജോ കൊക്കൻ | - | 5,000 |
| 5. ലാസർ മുത്തിപീടിക | - | 5,000 |
| 6. ജോൺസൺ വള്ളൂപ്പാറ | - | 5,000 |
| 7. റപ്പായി മരോട്ടിക്കൽ | - | 5,000 |
| 8. ഹെൻട്രി കണ്ണായി | - | 5,000 |
| 9. ആന്റണി വല്ലച്ചിറക്കാരൻ | - | 5,000 |
| 10. ബിനോയ് കൊക്കൻ | - | 5,000 |
| 11. ദേവസ്സിക്കുട്ടി വള്ളൂപ്പാറ | - | 5,000 |

| | | |
|---|---|---|
| 12. ജോബി പൊറുത്തൂക്കാരൻ | – | 4,000 |
| 13. ജോമോൻ തട്ടിൽ | – | 3,000 |
| 14. വിജു പോൾ തേറാട്ടിൽ | – | 3,000 |
| 15. ദേവസ്സി പൊറുത്തൂർ | – | 3,000 |
| 16. ബിജു ടി.വി. തെക്കിനിയത്ത് | – | 3,000 |
| 17. ജോസ് തെക്കിനിയത്ത് | – | 2,500 |
| 18. ബോണി കൈപ്പശ്ശേരി | – | 2,500 |
| 19. ജോയ് മുത്തിപീടിക | – | 2,500 |
| 20. ഷാജു വള്ളൂപ്പാറ | – | 2,500 |
| 21. ജോമോൻ ചാലിശ്ശേരി | – | 2,500 |
| 22. യോഹന്നാൻ മുത്തിപീടിക | – | 2,500 |
| 23. ബിജു ടി.സി. തെക്കിനിയത്ത് | – | 3,000 |
| 24. ജോസഫ് വീരമ്പുള്ളി | – | 2,000 |
| 25. ലോറൻസ് പൂണത്ത് | – | 2,000 |
| 26. പോൾ ചീനാൻ | – | 2,000 |
| 27. ലിന്റോ കല്ലൂക്കാരൻ | – | 2,000 |
| 28. ഫ്രാൻസീസ് മുത്തിപീടിക | – | 1,500 |
| 29. ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് | – | 1,000 |
| 30. റോയ് കൊക്കൻ | – | 1,000 |
| 31. ഫ്രാൻസീസ് ഓപ്പൻ മുത്തിപീടിക | – | 1,000 |
| 32. ജോസ് തീതായ് | – | 1,000 |
| 33. ബൈജു മുത്തിപീടിക | – | 1,000 |
| 34. ജോസ് എം.ഐ. മുത്തിപീടിക | – | 1,000 |
| 35. മാത്യു പാഴായി | – | 700 |
| 36. ഫ്രാൻസീസ് കൊക്കൻ | – | 500 |
| 37. ചാക്കുണ്ണി അരിക്കാടൻ | – | 1,000 |
| 38. കല്ലൂക്കാരൻ ജോസഫ് | – | 3,000 |
| | – | 1,19,700 |
| ജപമാല സമർപ്പണം നേർച്ചപ്പെട്ടി | – | 19,009 |
| | – | 1,38,709 |
| സിബിൻ കല്ലൂക്കാരൻ | – | സബോള 280 കി. |
| ഷാജു കിടങ്ങൻ | – | തക്കാളി 40 കി. |
| **ചിലവ്** | – | **1,74,887** |
| **വരവ്** | – | **1,38,709** |
| **പള്ളി** | – | **36,178** |

****


തിരുനാൾ ആശംസകൾ
തിരുകുടുംബം യൂണിറ്റ്

# തിരുനാൾ ആശംസകൾ

ഡിസംബർ - 3



വി. ഫ്രാൻസീസ് സേവിയറേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

## തിരുനാൾ പ്രോഗ്രാം

ഡിസംബർ 1, ഞായർ
രാവിലെ 7.15 ന് തിരുനാൾ പാട്ടുകുർബാന,
ലദീഞ്ഞ്, നൊവേന, നേർച്ച വിതരണം
വൈകീട്ട് 7.00 ന് വാർഷികാഘോഷം,
ക്രിസ്തുജയന്തി ഹാളിൽ

സെന്റ് സേവ്യർ യൂണിറ്റ്





1st

# HAPPY BIRTHDAY

11.Dec.2024

## FAUSTINA K. ANIL

D/o Anil K. Lazar & Aleena Anil
Kuttikkatt House, Vallissery

St. Paul Unit

## 2ND HAPPY BIRTHDAY

16.Nov.2024




## SKYRO MESSIAH ROBIN

S/o Robin Raphael & Rani Johnson
Valluppara House

St. Paul Unit



10th
Wedding Anniversary
30 November 2024
Libin John & Bincy Libin
Cherppukkaran House
Sharing the Happiness,
Aastin Libin, Alistel Libin & Alanza Libin
St. George Unit
ഈശോയുടെ തിരുഹൃദയത്തിന് ഒരായിരം നന്ദി


25 YEARS of laughter and love- your story inspires us all.
25th ANNIVERSARY
ROY THOMAS & MERLY ROY
Kattukaran House, Silent Street, Perinchery
St. Alphonsa Unit
Regards: Thomas K. A, Anna Rose Roy & Adarsh Roy

**WEDDING ANNIVERSARY**

Date of Marriage
23 MAY 1999



## E. A. Johnson & Ragi Johnson

Eluvathingal House, Pullanikadu Road
Perinchery P.O.

*With Best Compliments:* **loving son, Ashik Johnson Eluvathingal**





*Betrothal*
19 Oct 2024

*Wedding*
27 Oct 2024

## AMAR

S/o. Mr. Andrews & Mrs. Rajani Andrews
Eluvathingal House

Nirmala Matha Unit

## SNEHA

D/o. Mr.Paul A.P. & Mrs. Sheeja Paul
Thettyil Arikkadan House,
Karoor



SAINT-GOBAIN

Gyproc SAINT-GOBAIN

# PROTECT YOURSELF from labour shortage!

Switch to Gypsum Plasters and complete the work with 50% less labour.




- Faster Construction
- No Shrinkage Cracks
- Cost Effective
- Uniform Quality
- Saves Water
- Energy Saver




**KNOW MORE**

For more information:

Visit **www.gyproc.in** or write to **gyprocindia@saint-gobain.com**

Member of:

follow us on

KOKKEN BUILDERS BAY

9495939094 | 8848769394
kokkenbuildersbay@gmail.com


തിരുന്നാൾ ആഘോഷങ്ങൾ
വർണ്ണശബളമാക്കൂ
പടക്കം, കമ്പിത്തിരി, ഫാൻസി ഐറ്റംസ്
KOKKEN
CRACKERS
പൂച്ചിന്നിപ്പാടം, ലിറ്റിൽ ഫ്ളവർ പള്ളിക്ക് മുൻവശം, തൃശ്ശൂർ
Ph : 9495939094, 8848769394
കാർ പാർക്കിങ്ങ് സൗകര്യം
ഉണ്ടായിരിക്കുന്നതാണ്
Scan for Location
പ്രവർത്തന സമയം :
രാവിലെ 10 മുതൽ
രാത്രി 10 വരെ

സ്നേഹസ്മരണയ്ക്ക്

**41 – ാം ചരമദിനം**

03.12.2024



തേറാട്ടിൽ കല്ലൂക്കാരൻ റപ്പായി

മകൻ **വറീത്**

ജനനം 01.01.1941 മരണം 24.10.2024

സെന്റ് ആന്റണീസ് യൂണിറ്റ്



"പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ഫലവത്താക്കും."

(പ്രഭാ 3: 9)

**41–ാം ചരമദിനം**

21.12.2024



തെക്കിനിയത്ത് കുഞ്ഞാമര

പൊറിഞ്ചു ഭാര്യ **മറിയം**

ജനനം: 02.03.1939 മരണം: 11.11.2024

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്നേയും ഞാൻ നിങ്ങളേയും സ്നേഹിച്ചു
അല്പം ഓർമ്മകളും വേദനകളും നിങ്ങൾക്ക് നൽകി ഞാൻ കടന്നുപോയി.
നിങ്ങളുടെ പ്രാർത്ഥയിൽ എന്നേയും ഓർക്കേണമേ.

**തിരുകുടുംബം യൂണിറ്റ്**



**ഒന്നാം**
**ചരമ വാർഷികം**
16.12.2024

കണ്ണമ്പുഴ വള്ളൂപ്പാറ
തോമ മകൻ **മാത്യു**

ജനനം: 18.06.1962
മരണം: 16.12.2023

*യേശു അവളോട് പറഞ്ഞു:*
ഞാനാണ് പുനരുത്ഥാനവും
ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും. *(യോഹ: 11:25 - 26)*

സെന്റ് ജോർജ്ജ് യൂണിറ്റ്

സ്വർഗ്ഗത്തിൽ
6–ാം പിറന്നാൾ

# തെക്കിനിയത്ത് കുഞ്ഞാമര
# ബാബു ഹേബിയ

ജനനം: 02.04.2013 മരണം: 03.12.2018

കർമ്മലമാത യൂണിറ്റ്



## 5-ാം ചരമവാർഷികം
22.12.2024



### പൊറുത്തൂര് കൂനംപിലാവ് ഔസേപ്പ്
## മകൻ **വർഗ്ഗീസ്**

